ശ്രീമതി എ. നഫീസത്തു ബീവി : സർ, ഞാൻ ചേത്തലയിൽ സ്ഥാപിക്കണമെന്നല്ല പറഞ്ഞിട്ടുള്ളതു്. ആലപ്പുഴയിൽ വേണമെന്നാണു്.

മി. സ്പീക്കർ : ആലപ്പുഴ ഡിസ്ട്രിക്റ്റിൽതന്നെയല്ലേ ചേത്തല.

ശ്രീമതി എ. നഫീസത്തു ബീവി : അതുകൊണ്ടല്ല. ചേത്തലയെപ്പറ്റി പറഞ്ഞാൽ പരിഭവിക്കുവാൻ ഇവിടെ വേറെ മെമ്പറന്മാർ ഉണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : ഐസു് പ്ലാന്റു ചേത്തലയിൽ ആകുന്നതുകൊണ്ടു് യാതൊരു പരിഭവവും എനിക്കില്ല.

PAPERS LAID ON THE TABLE †

Minister for Law and Revenue (**Shri T. A. Thomman**) : Sir, I lay on the Table:

(a) A copy of Notification No. 50513/A3/62/RD. dated 9th October 1963 (S. R. O. No. 71 /63) issued by the Government under Section 7 of the Kerala Government Land Assignment Act, 1960 (Act 30 of 1960) containing Rules for the assignment of Government Lands for the purpose of settlement of landless agricultural labourers under the Centrally sponsored scheme of the settlement of such labourers.

(b) A copy of Notification No. 79182/A 3/63/RD. dated 9th January 1964 issued by the Government under Section 7 of the Kerala Government Land Assignment Act, 1960 (Act 30 of 1960) containing amendments to the above Rules.

(c) A copy of Notifications G. O. (MS) 175/Rev. dated 3rd March 1964 (S. R. O. Nos. 55/64 and 56/64) issued by the Government under sub-section (1) and clause (c) of sub-section (2) of Section 26 of the Madras Survey and Boundaries Act, 1923 (Act VIII of 1923).

MOTION UNDER RULE 128.

1. Discussion on the Report on the action taken by the State Government on matters relating to National Integration and safeguards for Linguistic Minorities.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, ദേശീയോൽഗ്രഥനവും ഭാഷാന്യൂനപക്ഷങ്ങൾക്കുള്ള രക്ഷാവ്യവസ്ഥകളും സംബന്ധിച്ചുള്ള കാര്യങ്ങളിൽ 1963 ജൂണിൽ അവസാനിച്ച അർദ്ധവർഷം വരെ സംസ്ഥാനഗവണ്മെന്റു് എടുത്ത നടപടി സംബന്ധിച്ച റിപ്പോർട്ടു് ചർച്ച ചെയ്യണമെന്നുള്ള എന്റെ പ്രമേയം ഞാൻ അവതരിപ്പിക്കുകയാണു്.

ஸ்ரீ. எம். எம். சுந்தரம்: இந்த பிரேரணையை ஆதரிக்கிறேன்.

Mr. Speaker: We will now proceed to discuss the report.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, ഈ പ്രവർത്തനങ്ങൾ ദക്ഷിണ സോണൽ കൗൺസിൽ ചർച്ച ചെയ്തു് എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ളവയാണു്. ഈ കൗൺസിലിലെ അംഗമാണു് നമ്മുടെ മുഖ്യമന്ത്രി. ഈ സംസ്ഥാനത്തു് പ്രസ്തുത പ്രവർത്തനങ്ങളുടെ ചുമതല നമ്മുടെ മുഖ്യമന്ത്രിക്കാണു്. അദ്ദേഹത്തെ ചീഫു് സെക്രട്ടറി അസിസ്റ്റു് ചെയ്യുന്നു. ഇതിനും പുറമേ ഈ പ്രവർത്തനങ്ങളുടെ ആകെ മേൽനോട്ടത്തിനും ചുമതലയു

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

മായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങളുടെ ചുമതല കളക്ടറന്മാർക്കാണ്. 1963—ലെ ആദ്യത്തെ അർദ്ധ വർഷത്തിൽ എന്തു പ്രവർത്തനം നടന്നിട്ടുണ്ടെന്നാണ് ഈ റിപ്പോർട്ടിൽ നിന്നും മനസിലാക്കാൻ കഴിയുക. ചില തീരുമാനങ്ങളും കല്പനകളും ഉണ്ടായിയെന്നുള്ളതല്ലാതെ അവയിലേതെല്ലാം എത്രമാത്രം നടന്നിട്ടുണ്ടെന്നു് ഈ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാൻ കഴിയുകയില്ലെന്നുള്ളതാണ് എന്റെ ആദ്യത്തെ ആക്ഷേപം. അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ ഈ ഉത്തരവുകളും തീരുമാനങ്ങളും കാര്യമായി ഒന്നും പ്രയോഗത്തിൽ വന്നില്ലെന്നുള്ളതാണ് വാസ്തവം. ഭാഷാന്യൂനപക്ഷങ്ങളുടെ പരിരക്ഷയ്ക്കും ദേശീയോൽഗ്രഥനം നേടിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ ഗവണ്മെന്റിന്റെ പരിഗണനയിൽ വിദ്യാഭ്യാസപ്രശ്നങ്ങളാണ് മിക്കവാറും മുന്നിട്ടുനിൽക്കുന്നതു്. ആ രംഗത്തു് മാത്രമാണ് എന്തെങ്കിലും ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതു്. എതാനും സ്കൂളുകൾ സ്ഥാപിക്കുക, അദ്ധ്യാപകന്മാരെ നിയമിക്കുക, കുട്ടികളെ മറ്റു സംസ്ഥാനങ്ങളിലും മറ്റും അയയ്ക്കുക, ത്രി ഭാഷാപദ്ധതി നടപ്പിലാക്കുക തുടങ്ങിയ ഏതാനും കാര്യങ്ങളിൽ ദേശീയോൽഗ്രഥനത്തിന്റെ പ്രശ്നങ്ങൾ ഒതുക്കികളയുന്നുവെന്ന ആക്ഷേപവും എനിക്കുണ്ട്. അവയുടെ മറ്റു കാര്യങ്ങളിലേക്കൊന്നും വിശദമായി കടക്കാൻ ഞാൻ ഇവിടെ മുതിരുന്നില്ല. ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള തീരുമാനങ്ങളും ഉത്തരവുകളും അവയ്ക്ക് എന്തെല്ലാം പരിമിതികൾ ഉണ്ടെങ്കിൽ തന്നെ നടപ്പിലാക്കിയിരുന്നുവെങ്കിൽ കാര്യമായ പ്രയോജനം ഉണ്ടാകുമായിരുന്നു. എന്നാൽ കാര്യമായ ഒന്നും നടന്നിട്ടില്ലെന്നുള്ളതാണ് ഖേദകരമായിട്ടുള്ളതു്. സർ, നമ്മുടെ സ്റ്റേറ്റിൽ രണ്ടു് പ്രധാന ന്യൂനപക്ഷ ഭാഷകളാണുള്ളതു്; തമിഴും, കന്നഡകവും, ഈ രണ്ടു് ഭാഷാന്യൂനപക്ഷങ്ങളുടേയും കാര്യത്തിൽ നാം നീതി ചെയ്യുന്നുവെന്നൊരു ധാരണ അവരിൽ ഉളവാക്കാൻ നമുക്കു് കഴിഞ്ഞിട്ടില്ല. അവരുടെ കാര്യത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങളൊന്നും ശരിയ്ക്കു് നടപ്പിലാക്കിയിട്ടില്ല. ഇവിടെ തിരുവനന്തപുരം സിറ്റിയിൽ തന്നെ നാല്പതു് ശതമാനത്തിൽ താഴെയുള്ള ആളുകൾ തമിഴാണ് സംസാരിക്കുന്നതു്. കൊല്ലം ഡിസ്ട്രിക്റ്റിൽ തെന്മല തുടങ്ങിയ പ്രദേശങ്ങളിലും, കോട്ടയത്തു് ദേവികുളം, പീരുമേടു് മുതലായ സ്ഥലങ്ങളിലും പാലക്കാടു്, ചിറ്റൂർ തുടങ്ങിയ സ്ഥലങ്ങളിലും തമിഴു് സംസാരിക്കുന്ന ധാരാളം ആളുകളുണ്ട്. ഈ പ്രദേശങ്ങളിൽ തിരുവനന്തപുരം സിറ്റി ഒഴികെ മറ്റു പ്രദേശങ്ങളും പിന്നാക്കം നിൽക്കുകയാണ്. അവിടെ വ്യവസായങ്ങളില്ല, തൊഴിൽസൗകര്യങ്ങളില്ല. കൃഷിക്കാവശ്യമായ സംരക്ഷണമോ സൗകര്യമോയില്ല. ഇതിന്റെയെല്ലാം ഫലമായിട്ടു് ആ പ്രദേശങ്ങളിൽ പിന്നാക്കാവസ്ഥ തുടർന്നു നിൽക്കുകയാണ്. ഭാഷാപരമായ ബുദ്ധിമുട്ടുകളും ഈ പിന്നാക്കാവസ്ഥയെ രൂക്ഷമാക്കുകയും ചെയ്യുന്നു. സ്വന്തം ഭാഷയിൽ മരണപരമായ കാര്യങ്ങളും വരെ കൈകാര്യം ചെയ്യാനുള്ള സൗകര്യം അവർക്കുണ്ടാകണം. നിർഭാഗ്യവശാൽ ഈ പ്രത്യേകഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിൽ ആവശ്യമുള്ളത്ര സ്കൂളുകളും ഇല്ല. എൽ. പി. സ്കൂളുകളും വളരെ കുറവാണ്. ഹൈസ്കൂളിന്റെ കാര്യം പറയുവാനുമില്ല പീരുമേടു്, ദേവികുളം എന്നീ പ്രദേശങ്ങളിൽ ഒരു സ്കൂളും മറ്റൊരു സ്കൂളുമായി ഇരുപതും മുപ്പതും മൈൽ അകലം വരുന്നുണ്ട്. ചിറ്റൂരും സ്ഥിതി ഇതുതന്നെ. രണ്ടു് ഹൈസ്കൂളുകളാണ് അവിടെയുള്ളതു്. അത്രയേറെ അകലെപോയിവേണം ഈ പ്രദേശങ്ങളിലെ കുട്ടികൾക്കു് പഠിക്കുവാൻ. ഇന്നു് ഉള്ള സ്കൂളുകളിൽതന്നെ തമിഴു് അദ്ധ്യാപകർ ആവശ്യത്തിനില്ല. തമിഴു് അറിയാവുന്ന അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് ആവശ്യമായ ശ്രദ്ധ ചെലുത്തിയിട്ടില്ല. പ്രധാനമായും തമിഴു് അദ്ധ്യാപകർക്കു് ടെയിനിംഗ് കിട്ടുന്നതിനുള്ള സൗകര്യം കൊടുക്കുന്നില്ല. അടുത്തകാലത്തു് രണ്ടു് സ്ഥലങ്ങളിൽ മാത്രമാണ് തമിഴു് അദ്ധ്യാപകർക്കു് ടെയിനിംഗ് നൽകുന്നതു്. ഒന്നു് ചിറ്റൂർ താലൂക്കിലും മറ്റേതു് നെയ്യാറ്റിൻകര താലൂക്കിലും ആണ്. ഇതു് രണ്ടെണ്ണവും തന്നെ പോരാ. ഇപ്പോഴും നെയ്യാറ്റിൻകര താലൂക്കിലുള്ളതു് നിറുത്തുവാൻ പോകുന്നുവെന്നു കേൾക്കുന്നു. ടെയിനിംഗ് സ്കൂളുകളും കോളേജുകളും ഇനിയും കൂടുതൽ തുറക്കേണ്ട അവസരത്തിൽ അവിടെയുള്ളതുതന്നെ ഇല്ലാതാക്കുകയാണ്. ഈ നടപടിയെ ഒരു വിധത്തിലും നീതീകരിക്കാവുന്നതല്ല. കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ടെയിൻഡ് അദ്ധ്യാപകരെ ഉണ്ടാക്കണം. അതിനു് ഈ സംസ്ഥാനത്തു് ആളുകളില്ലെങ്കിൽ അന്യസംസ്ഥാനങ്ങളിൽനിന്നും ഈ ഭാഷ അറിയാവുന്ന അദ്ധ്യാപകരെ താല്ക്കാലികമായിട്ടെങ്കിലും ഇങ്ങോട്ടു് കൊണ്ടുവന്നു് നമ്മുടെ രാജ്യത്തെ ടെയിൻഡ് അദ്ധ്യാപകരുടെ കുറവു പരിഹരിക്കണം. ദേശീയോൽ ഗ്രഥനത്തെപ്പറ്റിയും ഭാഷാന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തെപ്പറ്റിയും സോണൽ കൗൺസിൽ എടുത്ത തീരുമാനം ഔപചാരികമായി യാന്ത്രികമായി നടപ്പിലാക്കാൻ ശ്രമിക്കുന്നുവെന്നുമാത്രമേ പറയാൻ കഴിയൂ. നമ്മുടെ പ്രത്യേക തകൾ കണക്കിലെടുത്തുകൊണ്ടു് ആത്മാർത്ഥമായി അവ നടപ്പിലാക്കുന്നുവെന്നു പറയാൻ നിവൃത്തിയില്ല. ഭാഷാന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നുവെന്നുള്ള ബോധം അവിടെയുള്ള ജനവിഭാഗങ്ങൾക്കു് നൽകണം. ആ പ്രദേശങ്ങളിലെ ഉദ്യോഗസ്ഥന്മാർ ഭൂരിഭാഗവും മലയാളം സംസാരിക്കുന്നവരാണു്. അവരുടെ ഭാഷ അറിയാവുന്ന ഉദ്യോഗസ്ഥന്മാർ വളരെ കുറവാണു് അതുകൊണ്ടു് പല കുഴപ്പങ്ങളും നേരിടുന്നുണ്ടു്. പല പ്രയാസങ്ങളും അവർക്കു് അനുഭവിക്കേണ്ടി വരുന്നുണ്ടു്. ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ അവരുടെ ഭാഷ പഠിച്ചുവരികയാണു് ശമ്പളത്തിന്റെ ഇരുപതു് ശതമാനം, പരമാവധി 25 രൂപ സ്പെഷ്യൽ അലവൻസായി കൊടുക്കുമെന്നു് തീരുമാനിക്കുകയും ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ തമിഴു് പ്രദേശത്തു് ഉള്ളതുതന്നെ നടപ്പിലാക്കിയിട്ടില്ല. കന്നഡ സംസാരിക്കുന്ന പ്രദേശത്തു് ഏതാണ്ടു് ഈ ഏർപ്പാടു് നടപ്പിലായിട്ടുണ്ടെന്നാണു് അറിയുന്നതു്. ഏതായാലും ആ പ്രദേശത്തുള്ള ഭാഷ ഉദ്യോഗസ്ഥന്മാർ പഠിക്കുന്നതിൽ ഗവണ്മെന്റു ജാഗ്രത കാണിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇതോടനുബന്ധിച്ചു് മറ്റു ചില പ്രശ്നങ്ങളും കൂടിയുണ്ടു്. ഉദാഹരണമായി ന്യൂനപക്ഷഭാഷാപ്രദേശത്തു് ആ ഭാഷ ഭൂരിപക്ഷഭാഷയായും രാജ്യത്തിലെ ഭൂരിപക്ഷ ഭാഷ ന്യൂനപക്ഷഭാഷയായും മാറുന്ന സ്ഥിതിയുണ്ടു്. ചിറ്റൂർ പട്ടണം കഴിഞ്ഞാൽ പിന്നീടു് തമിഴു് ഭാഷയാണു് ഭൂരിപക്ഷത്തിന്റെയും ഭാഷ. മലയാളം സംസാരിക്കുന്നവർ അവിടെ ന്യൂനപക്ഷമാണു്. പീരുമേടു് മൂന്നാർ തുടങ്ങിയ പ്രദേശങ്ങളിലും ഇതുതന്നെയാണു് സ്ഥിതി. ഈ ചുറ്റുപാടിൽ അവിടെ ന്യൂനപക്ഷ ഭാഷയായി മാറിയ മലയാളത്തിനും പ്രത്യേക പരിരക്ഷ ആവശ്യമായി വരുന്നുണ്ടു്. അതിനുള്ള പ്രത്യേക സൗകര്യങ്ങളും ഏർപ്പാടും ചെയ്യേണ്ടതായിട്ടുണ്ടു്. എത്ര സങ്കീർണ്ണമാണെങ്കിലും ബുദ്ധിമുട്ടുള്ളതാണെങ്കിലും ഇക്കാര്യത്തിലും പരിഹാരം ഉണ്ടാകണം. കാസർകോട്ടുള്ള കന്നഡ ഭാഷാന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങളും പല തവണ ശ്രീ മഹാബല ഭണ്ഡാരി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. തെക്കൻ കന്നഡ ജില്ലാ മദിരാശിയിലായിരുന്ന കാലത്തുതന്നെ ഈ പ്രദേശത്തോടു് കടുത്ത അവഗണന കാണിച്ചിരുന്നുവെന്ന ആക്ഷേപം ഉണ്ടായിരുന്നു. ഇപ്പോഴും നമ്മുടെ സ്റ്റേറ്റിലുള്ള കന്നഡ ഭാഷാ ന്യൂനപക്ഷത്തിനു് അതേ ആവലാതിതന്നെയാണു് ഈ സ്റ്റേറ്റിനെ സംബന്ധിച്ചും തുടരുന്നതു്. ഭാഷയുടെ കാര്യത്തിൽ മാത്രം ഈ പരാതി ഒതുങ്ങുന്നില്ല. കാസർകോടിന്റെ വടക്കേ അറ്റമായ മഞ്ചേശ്വരത്തു് നമ്മുടെ ബഹുമാനപ്പെട്ടമുഖ്യമന്ത്രിക്കു് ഒന്നു പോകണമെങ്കിൽ മൈസൂർ സംസ്ഥാനം വഴിയേ പോകാൻ കഴിയൂ. നമ്മുടെ സ്റ്റേറ്റിൽ കൂടി പോകണമെങ്കിൽ രണ്ടുപാലങ്ങളും കൂടി അവിടെ കെട്ടേണ്ടതായിട്ടുണ്ടു്. ഇതുവരെ ആ പാലങ്ങളും പണിയുന്നതിനു് ശ്രമിച്ചിട്ടില്ല. തങ്ങളോടു് കാണിക്കുന്ന കടുത്ത അവഗണനയായാണു് ആ ജനവിഭാഗങ്ങളും ഇതിനെ കാണുന്നതു്. സ്റ്റേറ്റിലെ ഇതര ഭാഗങ്ങളുമായും ജനവിഭാഗങ്ങളുമായും നിരന്തരം സമ്പർക്കത്തിനു് ഈ പ്രദേശങ്ങളിൽ യാത്രാസൗകര്യങ്ങളും ഉണ്ടാക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. കന്നഡ ഭാഷാന്യൂനപക്ഷത്തിനുള്ള ബുദ്ധിമുട്ടുകളെപ്പറ്റി ഞാൻ പ്രത്യേകം പറയുന്നില്ല. തമിഴു് പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന എല്ലാ ബുദ്ധിമുട്ടുകളും അവിടെയുണ്ടു്. വേണ്ടത്ര സ്കൂളുകളും ഇല്ല, അദ്ധ്യാപകർ ഇല്ല, ആ ഭാഷ അറിയാവുന്ന ഉദ്യോഗസ്ഥന്മാരില്ല. ഇതെല്ലാം പരിഹരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

സോണൽ കൗൺസിലുകളുടെ പ്രവർത്തനത്തെപ്പറ്റി ഒരു വാക്കു് പറയുവൻ ഞാനാഗ്രഹിക്കുന്നു. ഈ കൗൺസിലുകളും അവരുടെ മേഖലയിലുള്ള സംസ്ഥാനങ്ങളുടെ പ്രശ്നങ്ങളും സൗഹാർദ്ദപരമായും പൊതുവിൽ പ്രയോജനകരമായും കൈകാര്യം ചെയ്യാൻവേണ്ടിയാണു് രൂപീകരിക്കപ്പെട്ടതു്. എന്നാൽ അതു് മാത്രമാണു് നടക്കാത്തതു്. പറമ്പിക്കുളം പദ്ധതിയുടെ കാര്യം എടുത്താൽ അതു് മദിരാശിക്കു് മാത്രം പ്രയോജനകരമായ ഒരു പദ്ധതിയായി തീർന്നിരിക്കുന്നു. ഇപ്പുറത്തുള്ള ചിറ്റൂർ ഉണങ്ങി വരണ്ടുകിടക്കുമ്പോൾ അപ്പുറത്തു് തമിഴു് നാടിന്റെ പ്രദേശങ്ങളും ഈ പദ്ധതികൊണ്ടു് പച്ചപിടിച്ചു് ഫലസമൃദ്ധമായിത്തീർന്നിരിക്കുന്നു. അതുപോലെതന്നെ വയനാട്ടിൽനിന്നും പുറപ്പെടുന്ന കബനിപ്പുഴയിൽ മൈസൂർ അണകെട്ടു് നിർമ്മിക്കുന്നു. നമ്മുടെ സ്റ്റേറ്റുമായി ആലോചിക്കുകപോലും ചെയ്തിട്ടില്ലെന്നാണു് അറിയുന്നതു്. നമ്മുടെ ഇൻജിനീയറന്മാർക്കു് അവിടം ഒന്നു് കാണുവാനുള്ള അനുവാദം പോലും ലഭിച്ചിട്ടില്ലെന്നാണു് മനസ്സിലാവുന്നതു്. സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ നദീജലത്തിന്റെതുപോലുള്ള ഇത്തരം പ്രശ്നങ്ങൾ പരസ്പരസൗഹാർദ്ദത്തോടും പരസ്പരം പ്രയോജനകരമായും കൈകാര്യം ചെയ്യാൻപോലും ഈ സോണൽ കൗൺസിലുകൾക്കു് കഴിയുകയില്ലെങ്കിൽ പിന്നെ അതിന്റെ ആവശ്യം എന്താണെന്നാണു് ഞാൻ ചോദിക്കുന്നതു്. സോണൽ കൗൺസിലിനെ പ്രതിനിധീകരിക്കുന്ന മന്ത്രിമാർ കോൺഗ്രസ്സുകാരാണു്. കേന്ദ്രത്തിലുള്ളതു് കോൺഗ്രസ്സുകാരാണു്, മറ്റു സംസ്ഥാനങ്ങളിലും കോൺഗ്രസ്സുകാരാണുള്ളതു്. ഇങ്ങനെ കോൺഗ്രസ്സുകാർക്കു് തമ്മിൽ ഈവക കാര്യങ്ങളും സൗഹാർദ്ദപൂർവ്വം യോജിച്ചു് ചെയ്യാൻ കഴിയുകയില്ലെങ്കിൽ പിന്നെയെന്തിനാണു് ഈ കൗൺസിലുകളെന്നും മനസ്സിലാകുന്നില്ല. എനിക്കു് ഒരു കാര്യം കൂടി പറയുവാനുണ്ടു്. അതായതു് കർണ്ണാടക പ്രദേശത്തുള്ള തുളു സംസാരിക്കുന്ന ജനങ്ങളുടെ കാര്യം. തുളു ഭാഷ വളരെ പുരാതനമായ ഒരു ഭാഷയാണെന്നാണു് ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. കാസർകോട്ടും മൈസൂറിന്റെ തൊട്ടടുത്ത പ്രദേശങ്ങളിലുമായി പത്തു് പതിനാലു് ലക്ഷം പേർ ഈ ഭാഷ സംസാരിക്കുന്നു. എന്നാൽ ഈ ഭാഷയ്ക്കു് ലിപിയില്ല. വാമൊഴി മാത്രമായി കഴിയുന്ന തുളുഭാഷയ്ക്കു് വരമൊഴി ഉണ്ടാക്കിക്കൊടുക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. സംഘം കൃതികളിൽ അകനാനൂറിലും പുറനാനൂറിലുമെല്ലാം പാടിപുകഴ്ത്തപ്പെടുന്ന നന്ദൻ തുളുനാടിന്റെ അധിപനായിരുന്നു. പ്രസിദ്ധനായ തച്ചോളി ഒതേനനെപോലെയുള്ള നമ്മുടെ ഇതിഹാസനായകന്മാർ തുളുനാട്ടിൽ പോയി ആയോധനമുറകളും പഠിച്ചതായി പറയുന്നുണ്ടു്. പുരാതനമായ ഈ ഭാഷയ്ക്കു് ലിപി ഇല്ലാതെ തുടരാൻ അനുവദിക്കുന്നതു് ശരിയല്ല. കേരളത്തിലെ യൂണിവേഴ്സിറ്റിയും ഗവണ്മെന്റും ഇക്കാര്യത്തെപ്പറ്റി ആലോചിച്ചു് തുളുഭാഷയ്ക്കു് ഒരു ലിപി പുതിയതായി ഉണ്ടാക്കുകയോ കന്നഡ ലിപി ഇതിലേയ്ക്കു് ഉപയോഗപ്പെടുത്തുകയോ ചെയ്യാൻ ശ്രമിക്കേണ്ടതാണു്. ദേശീയോൽഗ്രഥനത്തോടു് ബന്ധപ്പെട്ട ഒരു കാര്യം കൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. ജാതിപരമായും മതപരമായും ഉള്ള വിഭാഗീയ പ്രവണതകളും വളർത്തുന്നതു് ദേശീയോൽഗ്രഥനത്തിനു് ഏറ്റവും അധികം ആപത്തുണ്ടാക്കുമെന്നു് പരക്കെ അംഗീകരിക്കുന്നുണ്ടു്. എന്നാൽ കേരളത്തിൽ അതാണു് ഇന്നു് നടക്കുന്നതു്. വിമോചനസമരത്തിന്റെ കാലഘട്ടത്തിലാണു് ഈ പ്രവണത കൊടുംപിരികൊണ്ടതു്. വർഗ്ഗീയവികാരങ്ങളും മനഃപൂർവ്വമായി ഊതിക്കത്തിച്ചു. സർ, ഈ അടുത്തകാലത്തായി രേണുകക്ഷിയിലെ ചില പ്രധാനനേതാക്കന്മാർ രാജ്യത്തു് വർഗ്ഗീയവികാരങ്ങളും ഇളക്കിവിടാനും ജനങ്ങളെ ഭിന്നിപ്പിച്ചു് നിർത്തി മുതലെടുക്കാനുമുള്ള ശ്രമം ശക്തിയായി നടത്തുന്നുവെന്ന വസ്തുത അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളും അറിയാം. ചില സമുദായങ്ങളെ മറ്റു ചില സമുദായങ്ങൾക്കെതിരായി തിരിച്ചു് വിടാനും ആ ചേരി തിരിച്ചു് പ്രയോജനപ്പെടുത്താനുമാണു് അവരുടെ ശ്രമം. ഇത്തരം ശ്രമങ്ങളെ തടയാതിരുന്നാൽ എങ്ങനെയാണു് ദേശീയോൽഗ്രഥനം കൈവരുത്തുക. വർഗ്ഗീയവികാരങ്ങളെ ഇളക്കിവിട്ടു് ജനങ്ങളുടെ ഐക്യം തകർക്കുവാൻ ശ്രമിക്കുന്നവർക്കെതിരായി ശക്തിയായ നടപടികളും കൈക്കൊള്ളണമെന്നും നമ്മുടെ നാടിന്റെ ദേശീയൈക്യത്തിനും ഉൽഗ്രഥനത്തിനും ആവശ്യമായ നടപടികൾ ആത്മാർത്ഥമായി നടപ്പിൽ വരുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. எம். எம். சுந்தரம் : ஸர், மொழி சிறுபான்மையினருடைய விஷயத்தில் இவ்வரசாங்கத்தினுடைய மாற்றாந்தாய் கொள்கையை இச்சபையில் நான் சுட்டிக் காட்ட ஆசைப்படுகிறேன். 1963-ஜூலை முடிவு வரை இவ்வரசாங்கம் மொழி சிறுபான்மையினருக்காக செய்துள்ள சாதனைகளை எல்லாம் அதாவது பல உத்தரவுகளை ஒரு புத்தக வடிவமாக வெளியிட்டுள்ளது. பேப்பரிலுள்ள இந்த நடவடிக்கையைத் தவிர காரியத்தில் எதுவும் நடப்பதாகத் தெரியவில்லை. 1962-ல் சென்ஸஸ் எடுத்து முடிந்த பிறகு நானும் இந்த சபையில் ஒவ்வொரு தடவையும் தமிழ் பேசும் மக்கள் தொகை பற்றிய புள்ளிவிவரங்களை கேட்டுக்கொண்டே இருக்கிறேன். எந்த விதமான பதிலும் இதுவரையிலும் எனக்கு கிடைக்கவில்லை. தேவிகுளம்-பீர்மேடு பகுதிகளில் உள்ள 116 பள்ளிக்கூடங்களில் 46 பள்ளிக்கூடங்களில் தமிழ் கற்பிக்கப்பட்டு வருகின்றன. 14319 மாணவர்களும் 287 ஆசிரியர்களும் தான் உள்ளனர். மலையாள பள்ளிக்கூடங்களில் உள்ள ஆசிரியர்களுடைய தொகையையும் இதையும் ஒப்பிட்டுப் பார்த்தால் இது மிகவும் துச்சமாக காணப்படுகிறது. எப்பொழுது கேட்டாலும் தமிழ் தெரிந்த ஆசிரியர்கள் கிடைக்கவில்லை கிடைக்கவில்லை என்று சாக்குப்போக்கு சொல்லிக்கொண்டே வருகிறது இந்த அரசாங்கம். ஆசிரியர்கள் ஏன் கிடைக்காது ? ஸர், அப்படி கிடைக்காவிட்டால் அண்டை ராஜ்யத்திலிருந்து தற்காலிகமாக போதுமான ஆசிரியர்களை 20 சதமானம் கூடுதல் சம்பளம் கொடுத்து (கன்னடத்துக்கு கொடுக்கப்படுவதுபோல) இங்கு வரவழைத்தால் அவர்கள் நிலையாக இருந்துவிடுவார்கள்.

ஸர், திருவனந்தபுரத்திலுள்ள மாடல் உயர்நிலைப் பள்ளியில் தமிழ் ஒருதலை பட்சமாக நடத்தப்படுகிறது. அங்குள்ள தலைமை ஆசிரியர் குட்டன் பிள்ளைக்கு கொஞ்சம் கூட தமிழ் தெரியாதது மாத்திரமல்ல, வரக்கூடிய தமிழ் பெற்றோர்களை மிக ஹிம்சைக்கும், அவமானத்திற்கும் உள்ளாக்குகிறார். தமிழ் வகுப்புகள் அங்கே இருக்கக் கூடாது என்பது அவருடைய ஏக நோக்கம். அதற்கு வேண்டிய காரியங்களைச் செய்து கொண்டே இருக்கிறார். இந்த வருடம் விளம்பர அறிக்கையில் தமிழ், மலையாளம், ஆங்கிலம் மூன்றும் கற்பிக்கக் கூடிய இப்பள்ளிக்கூடத்தில் அட்மிஷன் பற்றிய விளம்பரம் மலையாளத்தில் மட்டுமே உள்ளது. புரியாத தமிழ் பெற்றோர்கள் படும் அவதிக்கு எல்லையில்லை.

ஸர், பீருமேடு பகுதியில் உள்ள ஒரு பள்ளிக்கூடத்தில் 35 மாணவர்கள் எஸ். எஸ். எல். ஸி. தேர்வுக்குப் போனதில் யாருமே தேறவில்லை. அங்கே ஒன்பது மாதங்களாக ஆசிரியர்கள் நியமிக்கப்படாதது தான் இதற்கு ஒரே காரணமாகும். பட்டதாரி ஆசிரியர்கள், மொழி ஆசிரியர்கள் யாரும் சரிவர நியமிக்கப்படுவதில்லை. நான் முன்பு சொன்னது போல ஒரு தனி அலவன்ஸ் கொடுத்தாவது ஆசிரியர்கள் நியமிக்கப்பட வேண்டும்.

அடுத்தபடியாக எஸ்டேட் பள்ளிக்கூடங்களுக்கு சர்க்கார் அங்கீகாரம் கொடுத்து மதிய உணவு போன்ற சலுகைகள் கிடைக்கும்படியாகச் செய்ய வேண்டும். பீர்மேடு-தேவிகுளம் பகுதிகளில் வோட்டர்கள் பட்டிகை தமிழில் கொடுக்கப்படுவதில்லை. அதேபோலவே நாமிநேஷன் பத்திரிகைகளும் கழிந்த எலக்ஷனில் மலையாளத்தில் நாமிநேஷன் பத்திரிகைகள் இருந்த காரணத்தால் சரியான இடத்தில் கையொப்பம் இடப்படவில்லை ஏன்று தள்ளப்பட்ட அபேட்சைகளும் பல உள்ளன. தமிழிலோ, கன்னடத்திலோ எழுதப்படும் எந்த அபேட்சைகளும் இதுவரையிலும் பஞ்சாயத்து அளவு ஆபீசுகளில் கூட எடுக்கப்படுவதில்லை. அப்படியே எடுத்தாலும் மறுபடி கிடைப்பதில்லை. இதற்காக மலையாளத்தில் மொழி பெயர்த்து எழுதுவதற்காக ஒவ்வொரு அபேட்சைக்கும் இரண்டு ரூபாய் வரை செலவழித்து மக்கள் மிகவும் அவதிப்படுகிறார்கள். இது மிகவும் பெரிய அநீதியாகும். இந்த விஷயத்தில் நமது கவர்மென்ட் உடனடியாக கவனிக்க வேண்டும். கேரளத்திலுள்ள ஒரே பத்திரிகையான வஞ்சிநாட்டிற்கு

இதுவரையிலும் பப்ளிக் ஸர்வீஸ் கமிஷன் விளம்பரங்கள் கொடுக்கப் படுவதில்லை. அது இங்கு வாழக்கூடிய தமிழ் மக்களுக்கு மிகவும் பாதகமாக இருக்கிறது. இதைப்பற்றி பல தடவை இச்சபையை தெரியப்படுத்தியிருக் கிறேன்.

ஸர், அடுத்தபடியாக தேவிகுளம்-பீர்மேடு பகுதிகளில் உள்ள மாணவர் களுக்கு மதராஸ் மாகாணத்திலுள்ள கல்லூரிகளில் இடம் கிடைப்பதில்லை. ஆகவே இங்குள்ள என்ஜினீயரிங், மெடிக்கல், Agriculture-கல்லூரிகளில் தமிழர்களுக்கு பிரத்தியேகமாக ஹரிஜனங்களுக்கு இடம் தாராளமாக ஒதுக்கப்பட வேண்டும். நாற்பது சதமானம் தமிழர்கள் வாழக்கூடிய திருவனந்தபுரம் பட்டணத்தில் ஏப்ரல் 7-ம் தியதி முதல் தொடங்கும் புதிய City Improvement Trust போர்டில் முன்பு இருந்தது போல ஒரு தமிழனுக்கு குறிப்பாக வணிகத் துறையில் பட்ட ஒருவருக்கு இடம் கொடுக் கப்பட வேண்டுமென்று கேட்டுக்கொண்டு சமயமின்மையால் என் பேச்சை முடித்துக்கொள்கிறேன்.

Mr. Speaker : I think the time for discussion of the resolution may be extended upto 10·20 a. m. by reducing the time allotted for discussion of the Budget Estimates of the Kerala State Electricity Board.

I think the House agrees.

(The House signified its assent).

Shri P. Balachandra Menon : Sir, I came from a place, which is predominatly backward in agriculture, in industry, in edueation, etc. Unfortunately no attempt has been made by the State to fulfil the needs of the people there. Parambikkulam waters were handed over to Tamilnad. We tried our best to impress upon the Government to see that adequate irrigation facilities are given to these areas. Even today the denial of electricity resulted in reduction in the growth of sugarcane cultivation and also the cuit va ion of some other commercial crops, like cardamom. This situation can be overcome if the Electricity Board and Government definitely make an attempt to see that atleast electricity is given to the agriculturists. Innumerable petitions have been sent to the Electricity Board and to the Government. The position is that deep wells are there, but it is very difficult to draw water from these wells and the cost is much. To overcome this difficulty, I request that electricity should be given to these areas.

The second point is this. There are Tamil speaking population in the Four Panchayats in Chittur and Muthirappuzha areas. There are two high schools and very few elementary schools. When that is so, I request that more schools—elementary and upper primary should be allowed to these Tamil areas. They don't have sufficient teachers and every attempt must be made to see that they get sufficient number of teachers in these Tamil areas. There the Malayalam section is also a minority and they are also finding it very difficult. The entire language is in Tamil. If there is a considerable section of Malayalee students, the same rivileges should be extended o the Malaalee students in these areas so that they should also get proper education. Classes should be conducted in Malayalam wherever there is considerable number of students.

A third suggestion, that I would place before the hon. Minister is to see that industries in these areas are forthcoming. In Chittur we have got sufficient limestone deposits. There is iron. We will certainly

LIBRARY ARCHIVES Kerala Legislative Assembly

be able to industrialise these areas. There is also a good deal of cotton in that area. The establishment of the Spinning Mills that have already been promised, will certainly give employment to a considerable section of the population.

Next question is regarding Harijans. Unfortunately in Kerala, there is a feeling that Harijan means only Malayalee Harijan. I am very sorry to say that unless we take the question of Tamil harijans seriously-they are also skilled workers—I do not know how the skill of these labourers could be utilised. I don't know why we don't have modern tanneries set up in these areas. From Coimbatore, and from Pollachi, cattle are brought here. They are slaughtered and the hides are sent back. Why not we have a good industry-not the ten or fiteen Khadi factories that we have—We have got skilled tanners here. Why don't we have large tanning factories, so that goods can be made here and exported. It will get you a good deal of money. I request, therefore, that the Government should seriously consider the needs of these workers also. They are today forced to do semi-agricultural labour. Their skill should be used. Nothing has been done by the Government so far. Here is a time for the Government to do something for the Harijans. Give them employment, education, working facilities and give them all possibilities for industrial expansion.

Lastly our attitude towards our labourers should be changed. Why not our University and Colleges care to deal more about the great culture of Tamilnad. Very few of us know anything about Bharathi. We should study and know some history of Tamilnad. If you are able to know all these things, there will be real integration. Today it is not being done. We must study and understand the great culture of our neighbours. We should sacrifice ourselves so that our Tamil friends get the maximum benefit from the Government. They are not people from outside. They have been here for centuries. They are our people. When that is so, the greater need is to study the conditions, the material conditions and also the possibility of their industrial, agricultural and intellectual expansion. Greater care must be made bestowed on that.

ஸ்ரீ. டி. முருகேசன்: ஸர், மொழி சிறுபான்மையினரின் பிரதிநிதி என்ற முறையில் இந்த சபையில் அவர்களுக்கு அளிக்கப்பட்டுள்ள சலுகைகள் குறித்து சில காரியங்களை இந்த சபையின் ஆலோசனைக்கு கொண்டுவர ஆசைப்படுகிறேன். கழிந்த வருடம் உள்ள அஸெம்பிளி கூட்டத் தொடர் வரையிலும் எனக்கு சபையி னுடைய அன்றாட நடவடிக்கைகள் தமிழில் கொடுக்கப்பட்டு வந்தன. ஆனல் இந்த வருடம் என்ன காரணத்தினலேயோ திடீரென்று அது நிறுத்தப்பட்டு விட்டது. இனிமேலாவது சபை நடவடிக்கைகள் பற்றிய விவரம் தமிழில் எனக்கு கொடுக்கப்பட வேண்டுமென்று இச்சபையை வேண்டிக்கொள்கிறேன்.

10 A.M.]

ஸர், இந்த அரசாங்கத்தின் கீழ் சட்ட இலாகாவோடு இணைந்து மொழி பெயர்ப்பு இலாகா இயங்கிவருகிறது. இந்த மொழி பெயர்ப்பு இலாகாவில் தமிழ் மொழி பெயர்ப்பாளர்களாக நான்கு பேர் உள்ளனர். இந்த நான்கு பேருடைய வேலைகளையும் மேற்பார்வை செய்வதற்கு ஒரு மேலதிகாரி இல்லாத காரணத்தால் வேலைகள் சரிவர நடைபெறாமல் போகின்றது,

LIBRARY ARCHIVES Kerala Legislative Assembly

மேலும் மேற்பார்வையாளர் இல்லாத காரணத்தால் ஒவ்வொருவருடைய மொழி பெயர்ப்பும் ஒவ்வொரு விதமாக இருக்கிறது. இந்த மொழி பெயர்ப்பாளர்களுக்கும் தமிழ் மொழி பெயர்ப்பாளர்களுக்கும் சம்பள விகிதத்திலும் கூட வித்தியாசமிருக்கிறது. தமிழுக்கு ரூ. 90-200. மலையாளத்திற்கோ 150-250. இந்த தமிழ் மொழி பெயர்ப்பாளர்களுக்கு எந்த விதமான உத்தியோக உயர்வும் கிடைப்பதற்குரிய வாய்ப்பு இல்லை. அரசாங்கம் இதை பரிசீலனை செய்து வேண்டிய நடவடிக்கைகள் எடுக்குமாறு கேட்டுக்கொள்கிறேன். ஸர், நாற்பது சதமானத்திற்கும் கூடுதல் தமிழர்கள் வாழும் இடமான திருவனந்தபுரம் நகரத்தில் உள்ள நகர முன்னேற்ற குழுவில் (City Improvement Trust) இதுவரையிலும் இருந்தது போல அடுத்து துடங்கப்படும் புதிய குழுவிலும் ஒரு தமிழ் அங்கத்தினர் இடம் பெறுமாறு செய்யவேண்டும்.

திருவனந்தபுரம் நகரத்தில் உள்ள கல்லூரிகளில் போதிய அளவு தமிழ் விரிவுரையாளர்கள் நியமிக்கப்படவில்லை. கழிந்த ஆண்டு வரையிலும் இடைநிலைக் கல்லூரியில் நிலையாக முழுநேர தமிழ் விரிவுரையாளர் ஒருவர் இருந்தார். அவர் ராஜினாமா செய்து இடம் காலியான உடன் 1962 டிஸம்பர் முதல் பல்கலைக் கழக கல்லூரியிலுள்ள ஒரு தமிழ் விரிவுரையாளரை அங்கும் சென்று கூடுதலாக வேலை பார்க்குமாறு செய்திருக்கிறார்கள். ஸர், இரண்டு இடங்களில் ஒரு ஆளை வைத்து வேலை வாங்குவதோடல்லாமல் அதற்கு தகுந்தபடி கூடுதல் ஊதியமோ அல்லது போவதற்குள்ள வழிச்செலவிற்குள்ள பணமோ இதுவரையிலும் கொடுக்கப்பட்டதாகத் தெரியவில்லை. இதைப்பற்றி பல தடவைகள் இந்த சபையிலும் மதிப்பிற்குரிய மந்திரி அவர்களிடமும் எடுத்துக்காட்டியிருக்கிறேன். ஸர், சித்தூர் கல்லூரியில் அவசியமான தமிழ் பேராசிரியர் நியமிக்கப்படவில்லை. இது போன்ற காரியங்களைச் செய்வதில் College Director முட்டுக்கட்டை போடுவதாகத் தெரிகிறது. இனி கல்லூரிகள் திறப்பதற்கு முன்பாவது இந்த அநீதிகளை போக்குவது இவ்வரசாங்கத்தின் கடமையாகும்.

தேவிகுளம், பீர்மேடு பகுதிகளில் தமிழ் தெரிந்த ஆசிரியர்கள் பள்ளிக் கூடங்களில் நியமிக்கப்படவில்லை. அப்படி நியமிக்கப்படுவோர்களும் கூட பல தடவை லீவில் சென்றுவிடுகிறார்கள். குடியிருப்பு போன்ற வசதிகள் இல்லாத காரணத்தால் ஆசிரியர்கள் அங்கு நிலைப்பதில்லை. மூணார் உயர் நிலைப்பள்ளியில் 10-வது வகுப்பு தேர்வில் சென்ற வருடம் யாருமே தேறவில்லை. இது எதைக் குறிக்கிறது? எனக்கு முன்னால் பேசிய மெம்பர் சுந்தரம் அவர்கள் பேசின கருத்துக்களை நானும் ஆமோதிக்கிறேன். ஸர், மூணார் டவுண் பிளானிங்-ல் கண்ணன்தேவன் கம்பெனியிலிருந்து எடுத்த 500 ஏக்கர் இடங்களையும் வீடில்லாத ஹரிஜனங்களுக்கு பங்கு வைத்து கொடுக்க வேண்டும். தகுந்த அங்கீகாரமில்லாமல் இந்த பகுதிகளில் குடியேறியவர்களை குடியிறக்கவும் வேண்டும். ஸர், அடுத்த படியாக ஹிந்தி, அரபிக் மொழிகளில் உயர்நிலைப் பள்ளிகளில் படிப்பிக்கும் காரியங்கள் போன்ற விஷயங்களை கவனிப்பதற்காக தனி உத்தியோகஸ்தர்கள் நியமிக்கப்பட்டுள்ளனர். இதுபோல தமிழ், கன்னட கல்வியினுடைய நிலையை உயர்வடையச் செய்யவேண்டும். ஸர், சென்ற ஆண்டு மொழி சிறுபான்மையினர் கமிஷனர் இங்கு வந்து இங்குள்ள ஒரே தமிழ் பத்திரிகையான வஞ்சி நாட்டில் சர்க்கார் விளம்பரங்கள் கொடுக்கப்பட வேண்டுமென்று இவ்வரசாங்கத்துக்கு சிபாரிசை செய்தும், எந்த விதமான நடவடிக்கைகளும் இதுவரை எடுக்கப்படவில்லை. மேலும் சமயமின்மையால் என் பேச்சை நிறுத்திக்கொள்கிறேன்.

ശ്രീ. എം. കണ്ണിക്കണ്ണൻ നമ്പ്യാർ : സർ, ഭാഷാ ന്യൂന പക്ഷ വിഭാഗങ്ങളുടെ കാര്യങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ അതിനെക്കുറിച്ച് എന്തെങ്കിലും പറയുവാൻ ഏറ്റവുമധികം അവകാശം ഈ സഭയിൽ ന്യായമായി എനിക്കാണെന്നു ഞാൻ വിശ്വസിക്കുകയാണ്. എന്തുകൊണ്ടെന്നാൽ, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളും ധാരാളമായി താമസിക്കുന്ന ഒരു പ്രദേശത്തുനിന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വരുന്നതു്. കഴിഞ്ഞകാലത്തു്,ഞങ്ങളുടെ പ്രദേശം മദ്രാസു് സംസ്ഥാനത്തു് നിലകൊണ്ടിരുന്ന കാലത്തു് കാസർകോടു്, മഞ്ചേശ്വരം മുതലായ പ്രദേശങ്ങളിൽ മലയാള ഭാഷയിലും, കണ്ണാടക ഭാഷയിലും കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. പ്രത്യേകിച്ചു് ആ പ്രദേശത്തു് താമസിക്കുന്ന ആളുകളുടെ ഭാഷയെക്കുറിച്ചു് ചിന്തിക്കുമ്പോൾ അവക്കു് ജീവിക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയുണ്ടു്. കൊങ്ങിണി, തുള എന്നീ അദ്ധ്യയനം ചെയ്യാൻ സാധിക്കാത്ത ഭാഷ സംസാരിക്കുന്ന ആളുകളും, കർണ്ണാടകം, മലയാളം എന്നീ അദ്ധ്യയനം ചെയ്യാൻ സാധിക്കുന്ന ഭാഷ സംസാരിക്കുന്നവരുമായ പല വിഭാഗം ആളുകളും ആ പ്രദേശത്തു് നിലകൊള്ളുന്നുണ്ടു്. പക്ഷേ അദ്ധ്യയനം ചെയ്യാവുന്ന രണ്ടു ഭാഷകളിലും സംസ്ഥാന പുനർവിഭജനത്തിനുശേഷം എത്രകണ്ടു് അവിടത്തെ പാവപ്പെട്ട കുട്ടികൾക്കു് അദ്ധ്യയനസൗകര്യം നൽകാൻ നമുക്കു് സാധിച്ചിട്ടുണ്ടു് എന്നുള്ള കാര്യത്തെക്കുറിച്ചു് പല അഭിപ്രായങ്ങളും ഇന്നു് ആ പ്രദേശത്തു് കേൾക്കാൻ സാധിക്കുന്നുണ്ടു്. ഏതാനും വർഷങ്ങൾക്കുമുമ്പു് അവിടെയുള്ള അൺ എക്കണോമിക്കു് സ്കൂളുകളെല്ലാം പൂട്ടാനുള്ള ഒരു തീരുമാനം നമ്മുടെ ഗവണ്മെൻറു് എടുത്തപ്പോൾ അന്നു ഇവിടെ വച്ചു് പേരു് മലബാറിലെ എം. എൽ. എ. മാരുടെ ഒരു കാൺഫറൻസിൽ വച്ചു് കണക്കെടുത്തു പരിശോധിച്ചപ്പോൾ കാസർകോടു് താലൂക്കിലെ ഏകദേശം സ്കൂളുകളും പൂട്ടേണ്ടിവരുമോ എന്നുള്ള സംശയം പ്രകടിപ്പിക്കുകയുണ്ടായി. അവിടത്തെ പ്രത്യേക പരിതഃസ്ഥിതികളെ പരിഗണിച്ചു് അതായതു് അവിടെ കർണ്ണാടകക്കാരും, മലയാളക്കാരും, തുളുക്കാരും താമസിക്കുന്ന ആ പ്രദേശത്തു് ഒരു സ്ഥലത്തു് കർണ്ണാടക സ്കൂളുകളും മറുഭാഗത്തു് മലയാളം സ്കൂളുകളും ഉള്ളതുപോലെ പാരലൽ ക്ലാസുകൾ ആരംഭിച്ചു് മലയാളവും കർണ്ണാടകവും അദ്ധ്യയനം ചെയ്യാനുള്ള സൗകര്യം ഓരോ സ്കൂളിലും ചെയ്തുകൊടുത്താൽ ഈ അൺ എക്കണോമിക്കു് സ്കൂളുകളെല്ലാം തന്നെ എക്കണോമിക്കു് സ്കൂളുകളായി മാറാൻ സാധിക്കുമെന്നു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായിട്ടാണു് ഏതെങ്കിലും ഒരു കൊല്ലക്കാലത്തേക്കു് ഇതു അനുവദിച്ചുകൊടുക്കാമെന്നുള്ള രീതിയിൽ സ്കൂളുകൾ തുടങ്ങിയതു്. പക്ഷെ, ഇന്നത്തെ പരിതസ്ഥിതിയനുസരിച്ചു നോക്കുകയാണെങ്കിൽ അടുത്ത ആണ്ടിൽ അവിടെയുള്ള സകല സ്കൂളുകളും പൂട്ടാനുള്ള സാഹചര്യമുണ്ടാകുമെന്നു ഊന്നിപ്പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്. അതുകൊണ്ടു് എനിക്കു് ഒരു കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു്, അവിടെയുള്ള മലയാളം സ്കൂളുകളിലും കർണ്ണാടകം സ്കൂളുകളിലും എല്ലാം തന്നെ മലയാളവും, കർണ്ണാടകവും പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിത്തീർക്കുമെങ്കിൽ, തീർച്ചയായും അൺ എക്കണോമിക്കു് സ്കൂളുകളെല്ലാംതന്നെ എക്കണോമിക്കു് സ്കൂളുകളായി മാറാൻ സാധിക്കുമെന്നും, അങ്ങനെ ന്യൂനപക്ഷ ഭാഷാവിഭാഗങ്ങളോടു് ഏറ്റവുമധികം നീതി ഇന്നത്തെ ഗവണ്മെൻറു് ചെയ്തിട്ടുണ്ടെന്നു പറഞ്ഞുകൊണ്ടു് ഈ ഗവണ്മെൻറിനു് എന്നത്തേക്കും അതു അവകാശപ്പെടാൻ സാധിക്കുമെന്നു മാണു്.

Mr. Speaker : Mr. Nambiar, please resume your seat. Now the Minister can reply.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ഭാഷാന്യൂനപക്ഷങ്ങൾക്കു് ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള അവകാശങ്ങളും കൗൺസിലിന്റെ പ്രവർത്തനഫലമായി സമ്മതിച്ചുകൊടുത്തിട്ടുള്ള അവകാശങ്ങളും സംരക്ഷിക്കുന്നതിൽ ഗവണ്മെൻറു് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നു് അർത്ഥം വരത്തക്കവണ്ണമാണു് ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാർ പലരും സംസാരിച്ചതു്. വസ്തുതകൾ അങ്ങനെയല്ല. ഈ ഗവണ്മെൻറിനു് ഭാഷാന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പരാതിക്കും ഇടനൽകാത്തവണ്ണം സംരക്ഷണം പ്രയോഗത്തിൽ വരുത്തണമെന്നു് നിർബന്ധമുണ്ടു്. എന്നാൽ ചില പരിമിതികൾ ചിലപ്പോൾ ഉണ്ടാകുന്നതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത സാഹചര്യങ്ങളിൽ മാത്രം ഉണ്ടാകുന്നതാണു്. ഏറ്റവും പ്രധാനമായി ഭാഷാന്യൂനപക്ഷങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കേണ്ട സൗകര്യം, അവരുടെ കുട്ടികൾക്ക് മാതൃഭാഷയിൽതന്നെ അദ്ധ്യയനം നടത്താനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുക എന്നുള്ളതാണ്. ഈ സംഗതികൾ ഗവണ്മെൻറിന്റെ ഗാഢമായ ശ്രദ്ധയിൽ ഇരിക്കുന്ന കാര്യങ്ങളാണ്. എവിടെയാണോ ഭാഷാന്യൂന പക്ഷങ്ങളുള്ളത് അവിടെ അവരുടെ കുട്ടികൾക്ക് സ്കൂളുകളിൽ പോയി പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ പ്രത്യേകമായി ഗവണ്മെൻറ് ശ്രദ്ധിക്കുന്നുണ്ട്. ന്യൂനപക്ഷങ്ങൾക്ക് അവർ സംസാരിക്കുന്ന ഭാഷയിൽ അദ്ധ്യയനം നടത്തുന്നതിന് സ്കൂളുകൾ ഉണ്ടാക്കുക, മലയാളത്തിൽ അദ്ധ്യയനം നടത്തുന്ന സ്കൂളുകളിൽ ന്യൂനപക്ഷങ്ങൾക്കാവശ്യമായ ഭാഷയിൽക്കൂടി അദ്ധ്യയനം നടത്തുന്നതിന് സൗകര്യം ഉണ്ടാക്കിക്കൊടുക്കുക മുതലായ കാര്യങ്ങളിൽ ഗവണ്മെൻറ് എപ്പോഴും ശ്രദ്ധിക്കുന്നുണ്ട്. ഒരു പ്രയാസം എപ്പോഴും നേരിടുന്നത് എന്താണെന്നു പറയാം. തമിഴിലും, കർണ്ണാടക ഭാഷയിലും വേണ്ടിടത്തോളം യോഗ്യത സമ്പാദിച്ച ആളുകളെ അദ്ധ്യാപകരായി കിട്ടാൻ പ്രയാസമുണ്ട്. ഈ പ്രയാസം തരണം ചെയ്യുന്നതിന് അവർക്ക് ട്രെയിനിംഗ് കൊടുക്കാൻവേണ്ടി പ്രത്യേക സ്ഥാപനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ആ സ്ഥാപനങ്ങളിൽ നിന്നുവരുന്ന ആളുകളും ആവശ്യംപോലെ ആയിക്കഴിഞ്ഞാൽ പിന്നെ ഇത്തരം അദ്ധ്യാപകർക്ക് ബുദ്ധിമുട്ടുണ്ടാകാൻ ഇടയില്ല. എന്നാൽ ഇപ്പോൾ കിട്ടുന്നിടത്തോളം അദ്ധ്യാപകരെ ഇത്തരം സ്കൂളുകളിൽ സമയത്തിനുതന്നെ നിയമിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുന്നുണ്ട്. ട്രെയിനിംഗിനു നൽകിയിരിക്കുന്ന സൗകര്യങ്ങളും എടുത്തുകളയാൻ പോകുന്നതായി കേൾക്കുന്നു എന്നും ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പറയുകയുണ്ടായി. നെയ്യാറ്റിൻകര ട്രെയിനിംഗ് സ്കൂൾ നിറുത്തിക്കളയുമോ എന്നും സംശയിക്കുകയുണ്ടായി. നെയ്യാറ്റിൻകരയിലെ ട്രെയിനിംഗ് സ്കൂൾ നിറുത്താൻ ഗവണ്മെൻറ് ഇതുവരെ ആലോചിച്ചിട്ടില്ലെന്നുള്ള കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭാഷാന്യൂനപക്ഷങ്ങളുള്ള ചില സ്ഥലങ്ങളിൽ ചില പ്രത്യേക മെജാറിട്ടി കാണുന്നു. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ചിലപ്പോൾ ഉള്ള സ്കൂളുകളിലൊക്കെ മൈനാറിട്ടി ഭാഷയിൽ മാത്രം അദ്ധ്യയനം നടത്തുന്നവയായിരിക്കും. അപ്പോൾ മലയാളം മാതൃഭാഷയായിട്ടുള്ള കുട്ടികൾക്ക് വിഷമങ്ങൾ വരുന്നുണ്ടെന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ സമാന്തരമായി മലയാളം സ്കൂളുകൾ കൂടി നടത്തുകയോ അല്ലെങ്കിൽ മറ്റേ സ്കൂളുകളിൽ മലയാളം പഠിപ്പിക്കാൻ സൗകര്യമുള്ള സെക്ഷൻ വയ്ക്കുകയോ ചെയ്യാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്. ശ്രീ. കുഞ്ഞിക്കണ്ണൻ നമ്പ്യാർ സൂചിപ്പിച്ചു; ഇപ്രകാരം കാസർകോട്, മഞ്ചേശ്വരം പ്രദേശങ്ങളിൽ ചെയ്യുകയാണെങ്കിൽ ഒരു പക്ഷേ അൺ എക്കണോമിക്ക് സ്കൂളായിരിക്കുന്ന പലതും എക്കണോമിക്ക് സ്കൂളായി മാറാൻ ഇടയുണ്ടെന്നും. ആ നിർദ്ദേശം പഠിച്ചുനോക്കിയിട്ട്, ജനങ്ങൾക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും, അതേസമയത്തുതന്നെ അൺ എക്കണോമിക് എന്ന കാരണത്താൽ സ്കൂളുകൾ നിറുത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയുകയും ചെയ്യുമെങ്കിൽ സന്തോഷത്തോടുകൂടി ഗവണ്മെൻറ് അതേപ്പറ്റി പരിഗണിക്കുന്നതാണ്. കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനു പുറമെ ഡിപ്പാർട്ടുമെൻറ് ലിസ്റ്റും നോമിനേഷൻ പേപ്പറുമെല്ലാം തമിഴ് ഭാഷയിൽകൂടി പ്രസിദ്ധീകരിക്കാത്തതുകൊണ്ട് ചില വിഷമങ്ങൾ ഉണ്ടാകുന്നതായി ചൂണ്ടിക്കാണിച്ചു. ഡിപ്പാർട്ടുമെൻറ് ലിസ്റ്റും ഇങ്ങനെയുള്ള പ്രദേശങ്ങളിൽ തമിഴ് ഭാഷയിൽ അച്ചടിക്കുന്നുണ്ട്. കർണ്ണാടക ഭാഷയിൽ ആവശ്യമെന്നുകണ്ടാൽ അങ്ങനെ ചെയ്യുന്നതിനും ഗവണ്മെൻറ് മടിക്കുകയില്ല. കർണ്ണാടകപ്രദേശത്തു് ഇതൊക്കെ സമയത്തിനു കിട്ടുന്നില്ല എന്നുള്ള പരാതി ഉണ്ടായിരുന്നു. കന്നഡ ഭാഷയിൽ പുസ്തകങ്ങൾ അച്ചടിക്കുന്നതിനു് കൊള്ളാവുന്ന പ്രസ്സുകൾ കേരളത്തിൽ വളരെ വിരളമായിരുന്നു. അതുകൊണ്ട് നേരത്തെതന്നെ ഏർപ്പാടുചെയ്തു് മൈസൂരിൽനിന്നും, ബാംഗ്ലൂരിൽനിന്നും അച്ചടിച്ചു വരുത്തുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇപ്പോഴും തന്നെ കർണ്ണാടക ഭാഷയിൽ ഡിപ്പാർട്ടുമെൻറ് ലിസ്റ്റ് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : വോട്ടേഴ്സ് ലിസ്റ്റിനെപ്പറ്റി പരാതിയില്ല. നോമിനേഷൻ. പേപ്പറിനെപ്പറ്റിയാണ് പരാതിയുണ്ടായത്. പലരും ഇംഗ്ലീഷിലുള്ളതു വാങ്ങി പൂരിപ്പിച്ചെടുക്കുകയാണ് പതിവു്. ഈ രാജ്യത്തു് ധാരാളം ഇംഗ്ലീഷ് ഭാഷയിൽ നോമിനേഷൻ പേപ്പറുകളും ഉണ്ടു്. ഏതായാലും ഭാഷാന്യൂനപക്ഷത്തിനു് വലിയ ബുദ്ധിമുട്ടുവരുന്നു എന്നു പറയുന്നതു് ശരിയായിരിക്കുകയില്ല. ഉദ്യോഗസ്ഥന്മാരെ ഈ പ്രദേശങ്ങളിലേക്കു് നിയമിക്കുമ്പോൾ അവർക്കു് ഈ ഭാഷകളും അറിയാമോ എന്നു് അന്വേഷണം നടത്താറുണ്ടു്. പലപ്പോഴും ഇതു സാധിക്കുമെങ്കിലും എല്ലായ്പ്പോഴും ആ ഭാഷകൂടി അറിയുന്നവരെമാത്രമേ അത്തരം പ്രദേശങ്ങളിൽ പോസ്റ്റു ചെയ്യാവൂ എന്നു പറയുന്നതു് പ്രയാസമായിരിക്കും. പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നു് യോഗ്യതനോക്കി നിയമിക്കുമ്പോൾ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഇങ്ങനെയുള്ള യോഗ്യത മൈനോറിട്ടീസ് ഭാഷ സംസാരിക്കാൻ കഴിവുള്ള യോഗ്യത ഇല്ലാത്ത ചില ആളുകളെ ചില ഉദ്യോഗങ്ങളിൽ നിയമിക്കേണ്ടിവന്നേയ്ക്കും. എങ്കിലും നിത്യേന ഇവിടത്തെ ജനങ്ങളുമായി സമ്പർക്കത്തിൽ കഴിയാൻ ബാദ്ധ്യതയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കു് ഇത്തരം ഭാഷകളിൽ അറിവുണ്ടായിരിക്കണമെന്നു് ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. വേറെ എന്തെങ്കിലും ബുദ്ധിമുട്ടുകളും ഈ ഭാഷ സംസാരിക്കുന്നവർക്കു് ഉണ്ടാവുന്നു എന്നു പറയുന്നതു് ശരിയല്ല. ഭാഷയെപ്പറ്റിയുള്ള എല്ലാ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കാൻ ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. ഈ സാഹചര്യങ്ങളിൽ യഥാർത്ഥത്തിൽ ഭാഷാന്യൂനപക്ഷത്തിനു് വലിയ പരാതിക്കു് കാര്യമില്ല. ഏതെങ്കിലും കാര്യത്തിൽ വേണ്ടപോലെ ശ്രദ്ധിക്കുന്നില്ലെന്നോ, അവർക്കു് ഈ വിഷയത്തിൽ എന്തെങ്കിലും പ്രത്യേകമായ ബുദ്ധിമുട്ടുകളുണ്ടായിയെന്നോ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തിയാൽ അതിനു് പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റു് എപ്പോഴും സന്നദ്ധമാണു്. ഇതു മാത്രമേ എനിക്കു് ഇതു സംബന്ധിച്ചു് പറയാനുള്ളു. സമയമായതുകൊണ്ടു് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

2. Budget Estimates of the Kerala State Electricity Board 1964-1965.

Shri P. Ravindran : Sir, I move that the Budget Estimates of the Kerala State Elestricity Board for 1964-65 be discussed.

ശ്രീ: പി. സി. രാഘവൻ നായർ : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. Speaker : Let us now discuss the budget estimates.

ശ്രീ പി. രവീന്ദ്രൻ : സർ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ 1964-65-ലേക്കുള്ള ബഡ്ജറ്റു് എസ്റ്റിമേറ്റു് ചർച്ച ചെയ്യണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഇലക്ട്രിസിറ്റി സപ്ലൈ ആക്ടനുസരിച്ചു് 1-4-57-ലാണു് കേരളസ്റ്റേറ്റു് ഇലക്ട്രിസിറ്റി ബോഡ്ഡു് രൂപീകൃതമായതു്. വളരെയധികം പ്രതീക്ഷകളോടുകൂടിയാണു് ഇങ്ങനെയൊരു സ്ഥാപനം നിലവിൽ വന്നതു്. ബോർഡിന്റെ പ്രധാനപ്പെട്ട ചുമതല വിദ്യുച്ഛക്തി ഉൽപാദനവും അതിന്റെ വിതരണവുമാണു്. കാര്യക്ഷമമായും ചുരുങ്ങിയ ചെലവിലും ഉൽപ്പാദനവും വിതരണവും നടത്തണമെന്നാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. നമ്മുടെ രാജ്യത്തിലെ നദീജലസമ്പത്തു മുഴുവൻ ചൂഷണം ചെയ്തു് കുറഞ്ഞ ചെലവിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചു് കുറഞ്ഞ നിരക്കിൽ ജനങ്ങൾക്കു വിതരണം ചെയ്യുക എന്നുള്ള പൊതുനയമാണു് ബോർഡിനുള്ളതു്. കേരളമാണെങ്കിൽ ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കി വിദ്യുച്ഛക്തി ഉൽപ്പാദനം നടത്തുന്നതിനു് വിപുലമായ സാദ്ധ്യതകളുള്ള ഒരു സംസ്ഥാനമാണു്. 44-ഓളം പ്രധാനപ്പെട്ട നദികളും നമ്മുടെ സംസ്ഥാനത്തുണ്ടു്. ഈ നദികളിലാകെയുള്ള ജലം ശേഖരിച്ചു് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly